മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലറ്റുകൾ

163 (3673) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾക്ക് ടോയ്ലറ്റുകൾ നിർമ്മിച്ച് നൽകാൻ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം ഫിഷറീസ് വകുപ്പ് നേരിട്ട് നൽകി വരുന്നു. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി പബ്ലിക് ടോയ്ലറ്റ് നിർമ്മിച്ച് നൽകുന്നതിനും വ്യക്തിഗത ടോയ്ലറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) ഭരണാനുമതിയും ഫണ്ടും നൽകി ഒരുവർഷത്തിനകം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്കും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമയബന്ധിതമായി അനുവദിച്ച് നൽകുന്നു. ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിലും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു. പദ്ധതിക്ക് അതത് വർഷം ഭരണാനുമതി നൽകുകയും ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, നിർവ്വഹണ ഏജൻസി തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly